(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംഘടിതമായ അക്രമം, കൊള്ള, കൊള്ളിവയ്പ്, വസ്തുവകകളുടെ നശിപ്പിക്കൽ എന്നീ കുറ്റകൃത്യങ്ങൾ പോലീസിന്റെ മുൻപിൽവച്ച് എവിടെയെല്ലാം നടന്നിട്ടുണ്ട് ;

(ഡി) അത്തരം സന്ദർഭങ്ങളിൽ കുറ്റകൃത്യം തടയുന്നതിനായി എവിടെയെല്ലാം പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയോ കണ്ണീർ വാതകം പ്രയോഗിക്കുകയോ വെടിവയ്പ് നടത്തുകയോ ചെയ്തിട്ടുണ്ടോ ;

(ഇ) അത്തരം കുറ്റകൃത്യങ്ങൾ നടക്കുമ്പോൾ എവിടെയെല്ലാം പോലീസ് കാഴ്ചക്കാരായി നിന്നു എന്ന് ആക്ഷേപമുണ്ടായിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ഇ) ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ അവ തടയുന്നതിനും നിയന്ത്രിക്കുന്നതിനും യുക്തവും അവസരോചിതവുമായ എല്ലാ നടപടികളും സ്വീകരിക്കാറുണ്ട്. സംസ്ഥാനത്തെ ചില ജില്ലകളിൽ അക്രമ പ്രവർത്തനങ്ങൾ ഉണ്ടായപ്പോൾ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പോലീസ് ആകാശത്തേയ്ക്ക് വെടിവയ്ക്കുകയും ലാത്തിചാർജ്ജ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ പോലീസ് നിഷ്ക്രിയത്വം പാലിച്ചിട്ടില്ല. നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിച്ച് സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കുകയും ക്രമസമാധാനനില പരിപാലിക്കുകയും ചെയ്തിട്ടുണ്ട്.

നിരോധനാജ്ഞ

67 (1001) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം എവിടെയെല്ലാം കർഫ്യൂ പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ എവിടെയെല്ലാം നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട് ;

(സി) ഈ കാലയളവിൽ എവിടെയെല്ലാം 144 പ്രഖ്യാപിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കർഫ്യൂ പ്രഖ്യാപിച്ചിട്ടില്ല.

(ബി & സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നിരോധനാജ്ഞയും 144-ഉം എവിടെയെല്ലാം പ്രഖ്യാപിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം - XVII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVII

[28-2-2001-ലെ നക്ഷത്ര ചിഹ്നമിടാത്ത 67 (1001) -ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

തിരുവനന്തപുരം ജില്ല

നിരോധനാജ്ഞ പ്രഖ്യാപിച്ച സ്ഥലങ്ങൾ : - കടകംപള്ളി, പേട്ട വില്ലേജുകൾ, ആര്യനാട് പഞ്ചായത്ത് എന്നിവിടങ്ങളിൽ. 144 ഒരിടത്തും പ്രഖ്യാപിച്ചിട്ടില്ല.

കൊല്ലം ജില്ല

നിരോധനാജ്ഞ പ്രഖ്യാപിച്ച സ്ഥലങ്ങൾ : - കൊല്ലം ടൗൺ, ചാത്തന്നൂർ, പവറ, പരവൂർ, പുനലൂർ, അഞ്ചൽ, കരുനാഗപള്ളി എന്നിവിടങ്ങളിൽ. 144 ഒരിടത്തും പ്രഖ്യാപിച്ചിട്ടില്ല.

പത്തനംതിട്ട

നിരോധനാജ്ഞ പ്രഖ്യാപിച്ച സ്ഥലങ്ങൾ : - അടൂർ, പറക്കോട് മാങ്കൂട്ടം എന്നിവിടങ്ങളിൽ പ്രാദേശികമായി ഓരോ തവണയും പത്തനംതിട്ട ജില്ല മുഴുവനായി ഒരു തവണയും നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. 144 പ്രഖ്യാപിച്ചിട്ടില്ല.

ആലപ്പുഴ

നിരോധനാജ്ഞ പ്രഖ്യാപിച്ച സ്ഥലങ്ങൾ : - കനകകുന്ന്, കായംകുളം എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികൾ, ആലപ്പുഴ സൗത്ത്, നോർത്ത് പോലീസ് സ്റ്റേഷൻ അതിർത്തികളിൽ. മാന്നാർ, മാവേലിക്കര, കുറത്തിക്കാട്, നൂറനാട് പോലീസ് സ്റ്റേഷൻ അതിർത്തികളിൽ കിടങ്ങാംപറമ്പ് രാജരാജേശ്വരി ക്ഷേത്ര പരിസരം മുല്ലയ്ക്കൽ ശ്രീദേവി ക്ഷേത്രം എന്നിവിടങ്ങളിലെ ഉൽസവ സ്ഥലങ്ങളായ 50 മീറ്റർ ചുറ്റളവ്, തിരുപുലയൂർ മഹാദേവ ക്ഷേത്രത്തിന്റെ കോമ്പൗണ്ടിൽ 30 ദിവസം ഡ്രിൽ നിരോധിച്ചു.

മുതുകുളം പാണ്ഡവർ കാവ് ക്ഷേത്രത്തിന്റെ 400 മീറ്റർ ചുറ്റളവ്, നൂറനാട് പി. എസ്. അതിർത്തിയിൽ 60 ദിവസം ഡ്രിൽ നിരോധിച്ചു. നൂറനാട് മാവേലിക്കര, കായംകുളം, ഹരിപ്പാട് പി. എസ്. അതിർത്തികളിൽ, ആലപ്പുഴ ജില്ലയൊട്ടുക്കും രണ്ടുപ്രാവശ്യം നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. ആർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ചർച്ചിന്റെ 400 മീറ്റർ ഉൽസവ ഏര്യാ, പുറക്കാട് പഞ്ചായത്ത് മുഴുവനായും അമ്പലപ്പുഴ പഞ്ചായത്തിലെ 9-ാം വാർഡും. 144 ഒരിടത്തും പ്രഖ്യാപിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം

നിരോധനാജ്ഞ പ്രഖ്യാപിച്ച സ്ഥലങ്ങൾ : - വൈക്കം മുനിസിപ്പാലിറ്റി, തലയാലോം, വെച്ചൂർ എന്നീ ഉദയനാപുരം പഞ്ചായത്തിലെ സ്ഥലങ്ങളും മറവൻതുരുത്ത് പഞ്ചായത്തിലെ 7, 8, 9, 10 എന്നീ വാർഡുകളും ചെംപ് പഞ്ചായത്തിലെ 1, 3, 4, 9 വാർഡുകളിലും, ഉദയനാപുരം പഞ്ചായത്തിലെ 7, 10, 11 എന്നീ വാർഡുകളിലും, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലും കുറിച്ചി പഞ്ചായത്തിൽ സച്ചിവോത്തമപുരം ഭാഗത്തും നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. 144 ഒരിടത്തും പ്രഖ്യാപിച്ചിട്ടില്ല.

എറണാകുളം

തൃക്കാക്കരയിലും, മട്ടാഞ്ചേരിയിലും, മുളന്തുരുത്തി സെന്റ് തോമസ് പള്ളി പരിസരം, കടമറ്റം സെന്റ് ജോർജ് പള്ളിപരിസരം, എറണാകുളം ജില്ല മുഴുവനും നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്.

144 പ്രഖ്യാപിച്ച സ്ഥലങ്ങൾ ആലുവ തൃക്കുന്നത്തു സെമിനാരിയും, പരിസരവും പിച്ചാനിക്കാട് സെന്റ് ജോർജ് യാക്കോബിക് സിറിയൻ പള്ളി പരിസരം, ആലുവാ മണപ്പുറം പെരിയാർ പുഴയുടെ പുലിമുട്ട് ഭാഗത്തിന്റെ 20 മീറ്റർ ചുറ്റളവിൽ മണൽവാരുന്നതിന്, ആലുവാ മാർത്താണ്ഡവർമ്മ പാലത്തിനും മംഗലപ്പുഴ പാലത്തിനും ഇടയ്ക്ക്, ആലുവാ പുഴയിൽ 500 മീറ്റർ പരിധിയിൽ മണൽവാരുന്നതിന് ആലുവാ പെരിയാർ പുഴയിൽ പരുന്ത് റാഞ്ചി ദ്വീപിൽ, മുളന്തുരുത്തി സെന്റ് ജോർജ് യാക്കോബിക് സിറിയൻ പള്ളി പരിസരം, കോലഞ്ചേരി സെന്റ് പീറ്റേർസ്, സെന്റ് പോൾ പള്ളി പരിസരം, ഓടക്കാലി സെന്റ് മേരീസ് യാക്കോബിക് പള്ളിപരിസരം, വാളയം പഞ്ചായത്ത് ഓഫീസ് കന്നിയട്ട് നിരപ്പ് സെന്റ് ജോൺസ് പള്ളിപരിസരം, വഴിക്കോലി സെന്റ് മേരീസ് പള്ളിപരിസരം, വടക്കേക്കര കരിംപാടം എസ്. എൻ. ഡി. പി. ഓഫീസ് പരിസരം, കവളങ്ങാട് പഞ്ചായത്ത് ഓഫീസ് പരിസരം, എന്നിവിടങ്ങളിലും 12-2-99 ന് എറണാകുളം ജില്ല മുഴുവനും സി. ആർ. പി. സി. 144 പ്രകാരം ജില്ലാ കളക്ടർ നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ട്.

തൃശ്ശൂർ

ചാവക്കാട് പി. എസ്. അതിർത്തിയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. 144 ഒരിടത്തും പ്രഖ്യാപിച്ചിട്ടില്ല.

പാലക്കാട്

പാലക്കാട് മുഴുവനായും പട്ടാമ്പി പി. എസ്. അതിർത്തിയിലും നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. വണ്ടാഴി പഞ്ചായത്തിൽ സി. ആർ. പി. സി. 144 പ്രകാരം നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം

കൽപ്പകഞ്ചേരി പി. എസ്. അതിർത്തിയിലും, തിരൂർ പി. എസ്. അതിർത്തിയിൽ ബി. പി. അങ്ങാടിയിലും, മഞ്ചേരി പി. എസ്. അതിർത്തിയിൽ മഞ്ചേരി ടൗൺ പരിസരങ്ങളിലും ഒരു തവണ മലപ്പുറം ജില്ല മുഴുവനായും നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. 144 ഒരിടത്തും പ്രഖ്യാപിച്ചിട്ടില്ല.

കോഴിക്കോട്

നിരോധനാജ്ഞ പ്രഖ്യാപിച്ച സ്ഥലങ്ങൾ : - കുറ്റിക്കാട്ടൂർ, ബേപ്പൂർ, നാദാപുരം പി. എസ്. അതിർത്തിയിൽ വേളം പഞ്ചായത്ത്, കുറ്റ്യാടി, പയ്യോളി, കൊയിലാണ്ടി എന്നിവിടങ്ങളിലും കോഴിക്കോട് റൂറൽ ജില്ല മുഴുവനായും നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്.

നാദാപുരം പി. എസ്. അതിർത്തിയിൽ സി. ആർ. പി. സി. 144 പ്രഖ്യാപിച്ചിട്ടുണ്ട്.

കണ്ണൂർ

പാനൂർ, കൂത്തുപറമ്പ്, ചൊക്ലി, കൊളവല്ലൂർ, തലശ്ശേരി, ധർമ്മടം, മാലൂർ, മട്ടന്നൂർ എന്നീ പി. എസ്. അതിർത്തികളിലും തളിപറമ്പ് മുനിസിപ്പാലിറ്റി അതിർത്തിയിലും നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്.

പാനൂർ, കൂത്തുപറമ്പ്, ചൊക്ലി, കൊളവല്ലൂർ, പോലീസ് സ്റ്റേഷൻ അതിർത്തിയിലും, തലശ്ശേരി പി. എസ്. അതിർത്തിയിൽ തലശ്ശേരി മുനിസിപ്പാലിറ്റി പ്രദേശം ഒഴികെയുള്ള സ്ഥലങ്ങളിൽ സി. ആർ.പി. സി. 144 പ്രഖ്യാപിച്ചിട്ടുണ്ട്.

കാസർഗോഡ്

കാസർഗോഡ്, ബേഡകം, നീലേശ്വരം, ചന്ദേര, ചിമേനി എന്നീ പി. എസ്. അതിർത്തികളിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. ബേവിഞ്ച എന്ന സ്ഥലത്ത് സി. ആർ. പി. സി. 144 പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly